Draft #36 of File EC4/43691/18/DTE Approved by Director of Technical Education (in-charge) on 23-Jan-2022 11:11 PM - Page 1

<u>നോട്ടീസ്</u>

എറണാകുളം വനിതാ പോളിടെക്നിക് കോളേജിലെ ഇലക്ട്രോണിക്സ് എൻജിനിയറിംഗ് വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറായ ബീഗം റഹ്മത്ത് എന്ന താങ്കൾ **18/06/2018** മുതൽ സർക്കാർ അനുമതിയില്ലാതെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നു. ഇത്തരത്തിൽ ഗുരുതരമായ കൃത്യവിലോപം നടത്തുന്നതിനാൽ **1960** ലെ കേരളാ സിവിൽ സർവീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ്, **11(1)** ചട്ടത്തിലെ **(viii)** അനുഛേദമനുസരിച്ചും കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം **19** അനുസരിച്ച് താങ്കളെ സർവീസിൽ നിന്നും പിരിച്ചുവിടാതിരിക്കാൻ എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആയത് രേഖാമൂലം ബോധിപ്പിക്കാനായി കുറ്റാരോപണത്തിന്റെ വിശദാംശങ്ങൾ അടങ്ങിയ **19/05/2021** ലെ കാരണം കാണിക്കൽ നോട്ടീസ് **19/05/2021** തിയതിയിലെ **EC4/43691/18/DTE** നം കത്ത് പ്രകാരം സ്ഥാപന മേധാവി മുഖേന താങ്കൾക്ക്അയച്ചിരുന്നു..എന്നാൽ താങ്കൾ പ്രതിവാദ പത്രിക നിർദേശിച്ചിരുന്ന സമയ പരിധിക്കുള്ളിൽ നൽകിയില്ല. ആയതിനാൽ താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചുവിടാതിരിക്കാൻ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് **15** ദിവസത്തിനകം ആയത് ലഭിച്ചിരിക്കണം. പ്രസ്തുത കാലാവധിയ്ക്കകം യാതൊരു പ്രതിവാദ പത്രികയും ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ പൂർത്തിയാക്കുന്നതാണെന്ന വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ആരോപണം സംബന്ധിച്ച് താങ്കൾക്ക് നല്കിയ കാരണം കാണിക്കൽ നോട്ടീസ് സീനിയർ ജോയിൻറ് ഡയറക്ടർ(പി എസ്)ൽ നിന്നും താങ്കൾക്ക് നേരിട്ടോ,തപാൽ മാർഗമോ ലഭിക്കാൻ ആഗ്രഹിക്കുന്ന പക്ഷം മേൽ പ്പറഞ്ഞ സമയപരിധിക്കുള്ളിൽ അപേക്ഷിക്കുന്ന പക്ഷം അപേക്ഷയിൻമേൽ പറഞ്ഞിട്ടുള്ള മേൽവിലാസത്തിൽ അയച്ചുതരുന്നതാണ്.

OFFICE OF THE DIRECTOR OF TECHNICAL EDUCATION
KERALA STATE
Thiruvananthapuram
Pin-695 023

Dr. BYJUBAI. T.P
Director of Technical Education (i/c)
Fort, P.O., Thiruvananthapuram - 23